**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62** **26-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടയ ഭൂമിയിലെ മരംമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി.സിദ്ദിഖ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും സ്വാഭാവികമായി വളർന്നുവന്നതുമായ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് റവന്യൂ ഉദ്യോഗസ്ഥരും വനം വകുപ്പും സ്വീകരിച്ച നിലപാടുകളെ മറികടന്നുകൊണ്ട് മുൻ റവന്യൂ വകുപ്പ് മന്ത്രി ഉത്തരവിറക്കാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നോ; | (എ) | വനം വകുപ്പും റവന്യൂ ഉദ്യോഗസ്ഥരും സ്വീകരിച്ച നിലപാടുകളെ മറികടന്നുകൊണ്ട് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. |
| (ബി) | എങ്കിൽ 2005-ലെ വനേതര ഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നിയമത്തിന്റെ ആറാം വകുപ്പ് പ്രകാരം പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നുവന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാം എന്ന് പ്രസ്തുത നിർദ്ദേശത്തിൽ പ്രതിപാദിച്ചിരുന്നോ; | (ബി) | അതെ. 1964 ലെ ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം കൊടുത്ത ഭൂമിയെ സംബന്ധിച്ച് അത്തരം ഒരു നിർദ്ദേശം നൽകിയിരുന്നു. |
| (സി) | ഉണ്ടെങ്കിൽ ഈ നിർദ്ദേശം നിയമ വകുപ്പിന്റെ ഉപദേശം തേടിയതിന് ശേഷമാണോ ഉൾപ്പെടുത്തിയത് എന്ന് വിശദമാക്കാമോ; | (സി) | The Kerala Promotion of Tree Growth in Non – Forest Areas Act, 2005 ലെ വ്യവസ്ഥകളാണ് ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. ഇപ്രകാരം ഒരു നിയമത്തിലെ വ്യവസ്ഥ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിയമോപദേശത്തിന്റെ ആവശ്യമില്ല. |
| (ഡി) | പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നുവന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് തടസം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ മുൻ റവന്യൂ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | അതെ. പട്ടയം ലഭിച്ച ഭൂമിയിൽ കർഷകർ സ്വന്തം അധ്വാനം കൊണ്ട് നട്ടു വളർത്തിയും പരിപാലിച്ചും വന്ന മരങ്ങൾ മുറിക്കുന്നതിന് അവർക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ധാരാളം കർഷക സംഘടനകളും, രാഷ്ട്രീയ പാർട്ടികളും ജന പ്രതിനിധികളും നൽകിയ നിവേദനങ്ങളിലും അവരുമായി നടത്തിയിട്ടുള്ള ചർച്ചകളിലും ഉയർന്നു വന്ന പ്രധാന പരാതികളിൽ ഒന്നായിരുന്നു സർക്കാർ തീരുമാനം ഉണ്ടെങ്കിൽ പോലും അവയുടെ അന്തസത്തക്ക് വിരുദ്ധമായി കർഷകരെ |

| | | | |
|---|---|---|---|
| | | | ബുദ്ധിമുട്ടിക്കുന്ന തരത്തിൽ സമീപനം സ്വീകരിക്കുന്ന ഉദ്യോഗസ്ഥരെ പറ്റിയുള്ളത്. ആയതിനാലാണ് മരവില അടച്ച് റിസർവ് ചെയ്തിട്ടുള്ളതും പട്ടയഭൂമിയിൽ കർഷകർ നട്ടു വളർത്തിയിട്ടുള്ളതും സ്വാഭാവികമായി വളർന്നു വന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ മുൻ റവന്യൂ വകുപ്പ മന്ത്രി നിർദ്ദേശിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ